# പരീക്ഷയുടെ മറവിൽ വാക്സിൻ വില്പന

മലപ്പുറം: 'ചിക്കൻപോക്സ് നിങ്ങളുടെ കുട്ടിയെ ബാധിക്കാം എന്ന പരസ്യം എസ്.എസ്.എൽ.സി, ഹയർസെക്കന്ററി പരീക്ഷക്കിടെ പ്രസിദ്ധീകരിച്ച് വാക്സിൻ വിപണനം വർദ്ധിപ്പിക്കാൻ കമ്പനികളുടെ ശ്രമം.

ഗ്ലാക്സോ-സ്മിത്ത് ലൈൻ ബീച്ച എന്ന കമ്പനിയാണ് പരീക്ഷാഭീതി മുതലെടുത്ത് പ്രതിരോധ വാക്സിൻ വിൽപ്പനക്ക് രംഗത്തിറങ്ങിയിരിക്കുന്നത്. വാക്സിനേഷന് ഇന്നു തന്നെ ഡോക്ടറെ കാണണമെന്നാണ് പരസ്യം ഉപദേശിക്കുന്നത്. ചിക്കൻപോക്സിനെതിരെ സാധാരണ ഉപയോഗിക്കുന്ന വാക്സിന് ഒരു ഡോസിന് ആയിരം രൂപയിലേറെ വിലവരും. 14 വയസ്സിന് മുകളിലുള്ളവർക്ക് 2 ഡോസ് വാക്സിൻ കുത്തിവെക്കണം. അങ്ങിനെയാകുമ്പോൾ ഒരാൾക്ക് 2000 രൂപയിൽ പരം ചെലവ് .

ചിക്കൻപോക്സിനെതിരെയുള്ള കുത്തിവെയ്പ്പ് കഴിഞ്ഞ് വാക്സിൻ സാധാരണഗതിയിൽ ശരീരത്തിൽ പ്രവർത്തിച്ചു തുടങ്ങാൻ മൂന്നാഴ്ചയോളം സമയമെടുക്കും അതുകൊണ്ടു തന്നെ പരീക്ഷയുടെ തൊട്ടുമുമ്പ് വാക്സിനെടുക്കുന്നത് ഫലപ്രദമല്ല. ടൈഫോയ്ഡ്, ഡയേറിയ തുടങ്ങിയ രോഗങ്ങളും വേനൽകാലത്ത് ചിക്കൻപോക്സ് പോലെ വരാൻ സാധ്യതയുള്ളതാണ്. അതുകൊണ്ട് ചിക്കൻ പോക്സിനെതിരെ മാത്രം പ്രതിരോധമെടുക്കുന്നതുകൊണ്ട് കാര്യമില്ല. ഒരിക്കൽ ചിക്കൻപോക്സ് വന്നവർക്ക് വീണ്ടും രോഗം വരികയില്ല. ഈ വിവരങ്ങളെല്ലാം കമ്പനി മറച്ചുവെക്കുകയാണ്.

മുൻവർഷങ്ങളിലും പരീക്ഷാകാലങ്ങളിൽ ദൃശ്യമാധ്യമങ്ങളിലടക്കം ചിക്കൻപോക്സ് വാക്സിനേഷൻ നടത്തേണ്ടതിനെ കുറിച്ച് കമ്പനിപരസ്യം നൽകിയിരുന്നു. കുറേക്കാലം മുൻപ് ഇതേ കമ്പനി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കേന്ദ്രീകരിച്ച് ഹൈപ്പറ്റൈറ്റിസ്-ബി-വാക്സിനേഷനും നൽകിയിരുന്നു.

മതികെട്ടാ